**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1677** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഡിജിറ്റൽ സർവേ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ നാലു വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വേ പദ്ധതിക്ക് നവംബർ 1 2022-ൽ ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചു കൊണ്ട് തുടക്കമായിട്ടുണ്ട്. 858 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്തത്. റീബിൾഡ് കേരള ഇൻഷ്യേറ്റിവിൽ ഉൾപ്പെടുത്തി 438.46 കോടി രൂപ ആദ്യഘട്ടത്തിനായി അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ടി പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 200 വില്ലേജുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഡിജിറ്റൽ സർവ്വേ പദ്ധതിയിൽ പൊതുജന പങ്കാളിത്തം അത്യന്താപേക്ഷിതമായതിനാൽ സർവ്വേ സംബന്ധിച്ച നടപടികൾ നേരിട്ട് ഓരോ വസ്തു ഉടമസ്ഥനെയും ബോധവൽക്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി വാർഡുതലങ്ങളിൽ സർവ്വേ സഭകൾ കൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകി വരുന്നു. പ്രസ്തുത നടപടി ആകെയുള്ള 2476 വാർഡുകളിൽ 2445 എണ്ണത്തിൽ പൂർത്തിയായിട്ടുള്ളതും, കൂടാതെ 11052 ബ്ലോക്ക് ഫോർമേഷൻ ജോലികളും, ആദ്യഘട്ടത്തിലെ തെരഞ്ഞെടുത്ത 200 വില്ലേജുകളുടെ റിക്കാർഡ് കളക്ഷൻ, സ്കാനിംഗ്, Meta data Uploading എന്നിവയും പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | സർവേയോടൊപ്പം ഭൂമിസംബന്ധമായ മറ്റെന്തെല്ലാം വിവരങ്ങൾ ശേഖരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന റിക്കാർഡുകളിൽ റോഡ്, തോട്, കുളം, കനാലുകൾ, ആരാധനാലയങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| | | | മുതലായവയുടെ വിവരങ്ങൾ ശേഖരിച്ച് സ്ഥിതി സ്ഥാപക ചിഹ്നങ്ങളായി മാപ്പിൽ രേഖപ്പെടുത്തുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന 'Multipurpose Cadastral map' ൽ വിവിധ വകുപ്പുകളിലെ വിവരങ്ങൾ കൂടി രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി സംസ്ഥാനത്തിന്റെ സമഗ്ര GIS (Geographical Information system) ഡാറ്റാബേസ് തയ്യാറാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (സി) | ഭൂമിയുടെ ഉടമസ്ഥതയും കൃത്യമായ അളവും ഡിജിറ്റൽ സർവേയിലൂടെ സാധ്യമാക്കുന്നതിന് ഭൂവുടമകളുടെ സഹകരണം ഉറപ്പാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വെ പദ്ധതി പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സർവ്വെ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന വിവരങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കുക, അതിർത്തികളിലെ കാടുകൾ തെളിച്ച് സർവ്വെ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക, അതിർത്തികളിൽ വ്യക്തമായ അടയാളങ്ങൾ ഇല്ലാത്ത പക്ഷം സർവ്വെ തീയതിക്ക് മുമ്പ് തന്നെ അവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, സർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ പ്രദർശിപ്പിക്കുന്ന അവസരത്തിലും സർവ്വെ കാലയളവിലും റിക്കാർഡുകൾ പരിശോധിച്ച് തെറ്റില്ലെന്ന് ഉറപ്പ് വരുത്തുക തുടങ്ങിയ നടപടികളാണ് പ്രധാനമായും ജനങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത്. ഭൂസംബന്ധമായ മതിയായ വിവരങ്ങളും സഹകരണവും യഥാവിധി ലഭ്യമായാൽ മാത്രമേ ഭൂരേഖകൾ കുറ്റമറ്റതും കൃത്യവുമായി തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇത്തരം കാര്യങ്ങൾ നേരിട്ട് ഓരോ വസ്തു ഉടമസ്ഥരെയും ബോധവൽക്കരിക്കുന്നതിന് ആദ്യ ഘട്ടത്തിൽ സർവ്വെ ചെയ്യാൻ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി വാർഡുതലങ്ങളിൽ സർവ്വെ സഭകൾ കൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകിവരുന്നു |
| (ഡി) | 1966 -ൽ ആരംഭിച്ച കൺവെൻഷണൽ റീസർവേ നടപടികൾ പൂർത്തിയാക്കിയ സ്ഥലങ്ങളിൽ റീസർവേ സംബന്ധിച്ചുള്ള പരാതികൾ ഡിജിറ്റൽ സർവേയിലൂടെ പരിഹരിക്കാൻ കഴിയുമോയെന്ന് വിശദമാക്കുമോ; | (ഡി) | കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ രീതിയിൽ IT അധിഷ്ഠിത സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക, ഇനിയൊരു റീസർവ്വെ ആവശ്യമില്ലാത്ത വിധം മാപ്പുകൾ നാളതീകരിച്ച് പരിപാലിക്കുക, നിലവിലെ പോരായ്മകൾ പരിഹരിച്ച് കുറ്റമറ്റ സർവ്വെ റിക്കാർഡുകൾ തയ്യാറാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ മുൻകാലങ്ങളിൽ പരമ്പരാഗത സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് കൺവെൻഷണൽ രീതിയിൽ സർവ്വെ നടത്തിയ |

| | | | |
|---|---|---|---|
| | | | വില്ലേജുകൾ കൂടി ഡിജിറ്റൽ സർവ്വെ പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 1550 വില്ലേജുകളുടെ സർവ്വെ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഭൂരേഖകളെല്ലാം പൂർണമായും ഐ.റ്റി അധിഷ്ഠിത സേവനമായി രൂപപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തിന്റെ വികസന കുതിപ്പുകൾക്ക് വിപ്ലവകരമായ കുതിപ്പായിരിക്കും സംഭവിക്കുന്നത്. |
| (ഇ) | പ്രസ്തുത ഡിജിറ്റൽ സർവേ പൂർത്തീകരിച്ചു കഴിയുമ്പോൾ റവന്യൂ, സർവേ, രജിസ്ട്രേഷൻ രേഖകൾ ഒരേ പോർട്ടലിലൂടെ ഏകോപിപ്പിച്ച് ഭൂമി കൈമാറ്റവും പോക്കുവരവും നടത്താനാവുമോ; വിശദമാക്കുമോ? | (ഇ) | ഡിജിറ്റൽ സർവ്വെ പദ്ധതി പ്രകാരം സർവ്വെ നടപടികൾ പൂർത്തിയാകുന്ന വില്ലേജുകളിൽ സർവ്വെ, റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളിലെ ഭൂമി കൈമാറ്റവും പോക്കുവരവും ഉൾപ്പെടെയുള്ള സേവനങ്ങൾ ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ ജനങ്ങളിൽ എത്തിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനാവശ്യമായ സോഫ്റ്റ് വെയർ സംവിധാനം NIC മുഖേന തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ